**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1072** **06-10-2021 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പുനർഗേഹം പദ്ധതിയിൽ കാസർഗോഡ് ജില്ലയിലെ വേലിയേറ്റ മേഖലയിൽ നിന്ന് എത്ര കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | പുനർഗേഹം പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ വേലിയേറ്റ പരിധിയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന 1169 കുടുംബങ്ങൾ ഉള്ളതിൽ എല്ലാ കുടുംബങ്ങളേയും പദ്ധതി ഗുണഭോക്താക്കളായി ജില്ലാതല അപ്പ്രൂവൽ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ടെങ്കിലും നിലവിൽ 538 കുടുംബങ്ങളാണ് മാറിത്താമസിക്കുവാൻ സമ്മതം അറിയിച്ചിട്ടുള്ളത്. അപ്രകാരം സമ്മതം അറിയിച്ചിട്ടുള്ള കുടുംബങ്ങളുടെ പുനരധിവാസമാണ് ആദ്യഘട്ടമായി പരിഗണിക്കുക. തുടർന്ന് മാറിതാമസിക്കുവാൻ സന്നദ്ധരാകുന്ന മുഴുവൻ കുടുംബങ്ങളേയും സുരക്ഷിത മേഖലയിലേയ്ക്ക് മാറ്റിപ്പാർപ്പിക്കും. |
| (ബി) | ഇതിനാവശ്യമായ സ്ഥലം വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | പദ്ധതി മാർഗ്ഗരേഖാ പ്രകാരം വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണത്തിനായി ഗുണഭോക്താവ് സ്വന്തം നിലയിലാണ് ഭൂമി കണ്ടെത്തുന്നത്. കോയിപ്പാടി വില്ലേജിൽ 200 സെന്റ് സർക്കാർ ഭൂമി പദ്ധതിയ്ക്കായി ഏറ്റെടുത്ത് 144 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നല്കിയിട്ടുണ്ട് . ആയതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ